**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - മുല്ലശ്ശേരി ബ്ലോക്ക് പഞ്ചായത്ത് - വകതിരിക്കാനാകാതെ നിലനിൽക്കുന്ന സ്പെഷ്യൽ റ്റി.എസ്.ബി. അക്കൗണ്ട് തിരിച്ചടയ്ക്കുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയം ഭരണ (എഫ്.എം.) വകുപ്പ്**

സ.ഉ.(സാധാരണ) നം.2118/2013/ത.സ്വ.ഭ.വ. തിരുവനന്തപുരം, തീയതിഃ 20.08.2013.

---

പരാമർശംഃ- 1) മുല്ലശ്ശേരി ബ്ലോക്ക് വികസന ആഫീസറുടെ 01.06.2012-ലെ GE0461/10 നമ്പർ കത്ത്.

2) ഗ്രാമ വികസന കമ്മീഷണറുടെ 25.08.2012-ലെ 15752/ഫിൻ.2/12/ഗ്ര.വി.ക. നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

തൃശ്ശൂർ ജില്ലയിലെ മുല്ലശ്ശേരി ബ്ലോക്ക് പഞ്ചായത്തിന്റെ പേരിൽ ചാവക്കാട് സബ്ട്രഷറിയിൽ സൂക്ഷിക്കുന്ന സ്പെഷ്യൽ റ്റി.എസ്.ബി. അക്കൗണ്ട് 1071-ൽ 24.09.2003 മുതൽ 2,18,891/- രൂപ വകതിരിക്കാനാകാതെ നിലനിൽക്കുകയാണെന്നും ടി തുക സർക്കാരിലേയ്ക്ക് തിരിച്ചടയ്ക്കണമെന്ന് അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് പരാമർശം ഉണ്ടായിരിക്കുന്ന സാഹചര്യത്തിൽ ആയത് സർക്കാരിലേയ്ക്ക് തിരിച്ചടയ്ക്കുന്നതിലേയ്ക്ക് അനുമതി ലഭ്യമാക്കണമെന്നും മുല്ലശ്ശേരി ബ്ലോക്ക് വികസന ഓഫീസർ, ഗ്രാമ വികസന കമ്മീഷണർ എന്നിവർ യഥാക്രമം പരാമർശം (1), (2) പ്രകാരം സർക്കാരിനോടഭ്യർത്ഥിച്ചു.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. മുല്ലശ്ശേരി ബ്ലോക്ക് പഞ്ചായത്തിന്റെ പേരിൽ ചാവക്കാട് സബ്ട്രഷറിയിൽ വകതിരിയ്ക്കാൻ കഴിയാതെ റ്റി.എസ്.ബി. അക്കൗണ്ടിൽ നിലനിൽക്കുന്ന 2,18,891/- രൂപ ഡിഡക്ട് ഹെഡ് ആയ "2515-00-911-99-Deduct Recoveries of over payments" ലേക്ക് തിരിച്ചടയ്ക്കാൻ അനുവാദം നൽകി ഇതിനാൽ ഉത്തരവാകുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം,)
എം.ഷാഹുൽ ഹമീദ്,
ഡെപ്യൂട്ടി സെക്രട്ടറി

ഗ്രാമവികസന കമ്മീഷണർ, തിരുവനന്തപുരം.

സെക്രട്ടറി, മുല്ലശ്ശേരി ബ്ലോക്ക് പഞ്ചായത്ത്, തൃശ്ശൂർ - 680509.

അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ് / എൽ.ബി.എ&എ), കേരള, തിരുവനന്തപുരം.

ട്രഷറി ഡയറക്ടർ, തിരുവനന്തപുരം.
ജില്ലാ ട്രഷറി ഓഫീസർ, തൃശ്ശൂർ.
സബ്ട്രഷറി ഓഫീസർ, ചാവക്കാട് സബ്ട്രഷറി.
ലോക്കൽ ഫണ്ട് ആഡിറ്റ് ഡയറക്ടർ, തിരുവനന്തപുരം.
ധനകാര്യ വകുപ്പ്. (31.07.2013-ലെ U.O.(n) 63511/SFC-C1/13/ധന പ്രകാരം)
എക്സിക്യൂട്ടീവ് ചെയർമാൻ & ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം. (വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)
സ്റ്റോക്ക് ഫയൽ // ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം,

സെക്ഷൻ ഓഫീസർ.